# കഥാപ്രസംഗം – യുവകാഥികർക്കുള്ള ശില്പശാല – 2024 – നിയമാവലി

1 18 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ള കാഥികരായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

2 സ്വയം സാക്ഷ്യപ്പെടുത്തിയ ബയോഡാറ്റയും, വയസ്സ് തെളിയിക്കുന്ന രേഖയും സമർപ്പിക്കേണ്ടതാണ്.

3 ഫോൺ നമ്പർ, മേൽവിലാസം, ആവശ്യപ്പെട്ട മറ്റ് മുഴുവൻ അനുബന്ധരേഖകളും ഉൾപ്പെട്ട അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

4 അപേക്ഷ സമർപ്പിക്കേണ്ടത് അക്കാദമി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാഫോറത്തിലായിരിക്കണം. അപേക്ഷയും അനുബന്ധരേഖകളും ഓൺലൈനായി സ്വീകരിക്കുന്നതല്ല.

5 അക്കാദമിയിൽ സമർപ്പിക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ല.

6 ദക്ഷിണമേഖല, മധ്യമേഖല, ഉത്തരമേഖല എന്നിങ്ങനെയാണ് യുവകാഥികർക്കുള്ള കഥാപ്രസംഗ ശില്പശാല സംഘടിപ്പിക്കുക. ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ജില്ലകൾ തീരുമാനിക്കുക.

7 ഓരോ മേഖലയിലും നടത്തുന്ന ശില്പശാലയ്ക്ക് അക്കാദമി നിശ്ചയിക്കുന്ന ഡയറക്ടർമാർ നേതൃത്വം നല്കും. പ്രസ്തുത ഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വിഷയങ്ങളെ അനുസരിച്ചാണ് ക്ലാസുകളും സോദാഹരണ പ്രഭാഷണങ്ങളും സമയബന്ധിതമായ ക്രമീകരിക്കുന്നത്.

8 ഓരോ മേഖലയിലും 25 പഠിതാക്കളെയാണ് തെരഞ്ഞെടുക്കുക. ഇത് കൂടാതെ ശില്പശാല നിരീക്ഷിക്കുന്നതിനായി 5 പേരെ കൂടി ഉൾപ്പെടുത്തുന്നതാണ്.

9 നിരീക്ഷകരായി പങ്കെടുക്കാനാഗ്രഹിക്കുന്നവരും ഇതേ ഫോമിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നതിന്റെ കാരണംകൂടി അനുബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. കഥാപ്രസംഗം സംബന്ധിച്ച് പഠനവും ഗവേഷണവും നടത്തുന്നവർ, കഥാപ്രസംഗ ശില്പശാലയെക്കുറിച്ചുള്ള ലേഖനങ്ങളും വാർത്തകളും ഓൺലൈൻ പ്രമോഷനുകളും തയ്യാറാക്കുന്നവർ തുടങ്ങിയവർക്കാണ് എല്ലാ ശില്പശാലയിൽ നിരീക്ഷകരായി പങ്കെടുക്കുന്നതിന് മുൻഗണനനൽകുക.

10 ശില്പശാലയിൽ പങ്കെടുക്കുന്നവർക്കുള്ള താമസം, ഭക്ഷണം എന്നിവ അക്കാദമി എർപ്പെടുത്തുന്നതാണ്.

11 ശില്പശാലയിലെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി എല്ലാ ദിവസവും ജൂനിയർ, സീനിയർ കാഥികരുടെ കഥാവതരണങ്ങൾ ഉണ്ടായിരിക്കും.

12 കേരള സംഗീത നാടക അക്കാദമി നേതൃത്വം നല്കുന്ന ശില്പശാലയുടെ അച്ചടക്കം പ്രധാനമാണ്. ഡയറക്ടറുടെയും അക്കാദമി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ക്യാമ്പഗങ്ങൾ ബാധ്യസ്ഥരാണ്

13 ക്യാമ്പ് അംഗങ്ങൾക്ക് യാത്രാ ചെലവുകളോ മറ്റ് അലവൻസുകളോ അനുവദിക്കുന്നതല്ല.

14 ശില്പശാലയുടെ സമാപനദിവസം ക്യാമ്പംഗങ്ങൾക്ക് അക്കാദമി ചെയർമാനും സെക്രട്ടറിയും സാക്ഷ്യപെടുത്തിയ സാക്ഷ്യപത്രം നൽകുന്നതാണ്.

കരിവെള്ളൂർ മുരളി
സെക്രട്ടറി

**കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ – 20**

**കഥാപ്രസംഗം യുവകാഥികർക്കുള്ള ശില്പശാല – 2024**

**അപേക്ഷാ ഫോറം**

| | | |
|---|---|---|
| 1 | പേരും പൂർണ്ണമായ മേൽവിലാസവും (ജില്ലയുടെ പേരും പിൻകോഡും) | |
| 2 | ഫോൺ നമ്പർ, ഇമെയിൽ | |
| 3 | ജനനതീയതി<br>വയസ്സ് തെളിയിക്കുന്ന രേഖ (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 4 | പ്രവർത്തനപരിചയം (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |

പേര് :

ഒപ്പ് :

സ്ഥലം :

തീയതി :